## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3391

10.12.2018-ൽ മറുപടിക്ക്

### നിരോധിച്ചിട്ടുള്ള മത്സ്യബന്ധനരീതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ആർ. സുനിൽ കുമാർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കരയിൽ നിന്നും അഞ്ചു നോട്ടിക്കൽ മൈൽ അപ്പുറത്തേക്ക് അനുവദിച്ചിട്ടുള്ള റിങ്ങ് വല മത്സ്യബന്ധനരീതി, കരയിൽ നിന്ന് അഞ്ചു നോട്ടിക്കൽ മൈലിന് അകത്തും നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കേരള തീരത്ത് കൊല്ലങ്കോട് മുതൽ പ രവൂർ-പൊഴിക്കര വരെ 30 മീറ്റർ ആഴത്തിൽ വരെയും പരവൂർ പൊഴിക്കര മുതൽ ബെംഗാര മഞ്ചേശ്വരം വരെ 20 മീറ്റർ ആഴംവരെയും മെക്കനൈസ്ഡ് ഫിഷിംഗ് വെസ്സലുകൾക്ക് മത്സ്യബന്ധനം നടത്താൻ പാടില്ല എന്ന് കെ.എം.എഫ്.ആർ. റൂളിൽ വ്യക്തമാക്കി യിട്ടുണ്ട്. അത് കൃത്യമായി പാലിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോട് കൂടി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ലംഘിക്കുന്ന മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ലൈറ്റ്, ക്ലാഞ്ഞിൽ, പ്ലാസ്റ്റിക് കുപ്പി എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി നിരോധിച്ചിട്ടും തിരുവനന്തപുരം ജില്ലയിൽ അവ വ്യാപകമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. ലൈറ്റ്, ക്ലാഞ്ഞിൽ, കൂട്ടിക്കെട്ടിയ പ്ലാസ്റ്റിക് കുപ്പികൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതി നിയന്ത്രിക്കുന്നതിനു വേണ്ടി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. 12 വോൾട്ടിന് മുകളിലുള്ള കൃത്രിമ ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതിയാണ് നിരോധിച്ചിട്ടുള്ളത്. മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെ ഇത്തരം തെറ്റായ മത്സ്യബന്ധനത്തെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ ഇതിന്റെ ഭവിഷ്യത്തുകളെ സംബന്ധിച്ച് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ